"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ- തിരുവനന്തപുരം ജില്ലയിലെ കർഷകരുടെ വ്യക്തിഗത അപേക്ഷകളിന്മേൽ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവുകളിൽ ശിപാർശ ചെയ്തിട്ടുള്ള കടാശ്വാസ തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.1189/2023/AGRI തീയതി,തിരുവനന്തപുരം, 06-12-2023

---

പരാമർശം:-

1. സ.ഉ (സാധാ) നം. 1283/2015/കൃഷി തീയതി 28.07.2015
2. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 01.09.2021 തീയതിയിലെ PB.2830/12/KSFDRC/TV നമ്പർ കത്ത്.
3. സഹകരണ സംഘം രജിസ്ട്രാറുടെ 18.06.2022 തീയതിയിലെ G(2) 6776/2021 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വിവിധ സഹകരണ ബാങ്കുകളിൽ/ സംഘങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം ലഭിക്കുന്നതിനായി കർഷകർ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ നൽകിയിരുന്ന വ്യക്തിഗത അപേക്ഷകളിൽ തീർപ്പ കൽപ്പിക്കുന്നതിന് കമ്മീഷൻ പുറപ്പെടുവിച്ച 73 അവാർഡുകളിലായി ശിപാർശ ചെയ്തിട്ടുള്ള കടാശ്വാസ തുക 83,21,750/- രൂപ അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം കമ്മീഷൻ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. പരാമർശം (1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പരിശോധനകൾക്ക് ശേഷം 70 അവാർഡുകളിലായി ആകെ 80,36,750/- രൂപയ്ക്ക് ( എൺപത് ലക്ഷത്തി മുപ്പത്തിയാറായിരത്തി എഴുന്നൂറ്റി അൻപത് രൂപാ മാത്രം) അർഹതയുണ്ടെന്ന് പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ച് കടാശ്വാസ വിതരണത്തിനായി 2023-24 സാമ്പത്തിക വർഷത്തെ 2401-00-104-86(01)-34-03 NP ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുകയിൽ നിന്നും 80,36,750/- രൂപ ( എൺപത് ലക്ഷത്തി മുപ്പത്തിയാറായിരത്തി എഴുന്നൂറ്റി അൻപത് രൂപാ മാത്രം) തിരുവനന്തപുരം ജില്ലയിലെ ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക്/ സംഘങ്ങൾക്ക് ബഡ്ജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റം (BAMS) വഴി അനുബന്ധ ലിസ്റ്റ് പ്രകാരം വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പ് ഡയറക്ടർക്ക് അനുമതി

നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. കൃഷി ഡയറക്ടർ 2401-00-104-86(01)-34-03 NP എന്ന ശീർഷകം ബഡ്ജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റത്തിലെ (BAMS) ആവശ്യമായ വിഹിതവുമായി സഹകരണ സംഘം രജിസ്ട്രാർക്ക് ക്രോസ്സ് മാപ്പ് ചെയ്ത് നൽകേണ്ടതും സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബഴ്സിംഗ് ഓഫീസർ (DDO) ടി തുക ബിൽ ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം (BiMS) മുഖേന പിൻവലിച്ച് അനുബന്ധ ലിസ്റ്റ് പ്രകാരമുള്ള സഹകരണ ബാങ്കുകൾക്ക് / സംഘങ്ങൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.

5. തുക വിതരണം ചെയ്ത ശേഷം കൃഷി ഡയറക്ടർ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ,തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 24.11.2023 തീയതിയിലെ E 2072273 Agri-C1/96/2022-FIN പ്രകാരം)
സഹകരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക് വകുപ്പ് ( Web & New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vineeshkumar
Date: 06-12-2023 12:18:37
സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

## അനുബന്ധം

### തിരുവനന്തപുരം

| ക്രമ നമ്പർ | ബാങ്കിന്റെ/ സംഘത്തിന്റെ പേര് | തുക |
|---|---|---|
| **I** | **ചിറയിൻകീഴ് താലൂക്ക്** | |
| 1 | ആറ്റിങ്ങൽ മുൻസിപ്പൽ ടൗൺ സർവ്വീസ് സഹകരണ ബാങ്ക് | 152500 |
| **II** | **കാട്ടാക്കട താലൂക്ക്** | |
| 2 | ആമച്ചൽ സർവ്വീസ് സഹകരണ ബാങ്ക് | 52000 |
| 3 | കണ്ടല സർവ്വീസ് സഹകരണ ബാങ്ക് | 100000 |
| 4 | വിളപ്പിൽ സർവ്വീസ് സഹകരണ ബാങ്ക് | 200000 |
| 5 | കള്ളിക്കാട് സർവ്വീസ് സഹകരണ ബാങ്ക് | 60000 |
| **III** | **നെയ്യാറ്റിൻകര താലൂക്ക്** | |
| 6 | പനച്ചമൂട് സർവ്വീസ് സഹകരണ ബാങ്ക് | 415500 |
| 7 | പൊൻവിള സർവ്വീസ് സഹകരണ ബാങ്ക് | 488000 |
| 8 | ആറയൂർ സർവ്വീസ് സഹകരണ ബാങ്ക് | 198000 |
| 9 | കുന്നത്തുകാൽ സർവ്വീസ് സഹകരണ ബാങ്ക് | 105000 |
| 10 | പാറശ്ശാല സർവ്വീസ് സഹകരണ ബാങ്ക് | 74500 |
| 11 | നരുവാമൂട് സർവ്വീസ് സഹകരണ ബാങ്ക് | 200000 |
| 12 | കിടാരക്കുഴി സർവ്വീസ് സഹകരണ ബാങ്ക് | 117000 |
| **IV** | **നെടുമങ്ങാട് താലൂക്ക്** | |
| 13 | പനയ്ക്കോട് സർവ്വീസ് സഹകരണ ബാങ്ക് | 5101000 |
| 14 | ചായം സർവ്വീസ് സഹകരണ ബാങ്ക് | 503000 |
| 15 | ആര്യനാട് സർവ്വീസ് സഹകരണ ബാങ്ക് | 100000 |
| 16 | വിതുര സർവ്വീസ് സഹകരണ ബാങ്ക് | 35000 |
| 17 | നന്ദിയോട് ജോയിന്റ് ഫാമിംഗ് സഹകരണ സംഘം | 135250 |
| **ആകെ** | | **8036750** |